# ഭരണഭാഷ - മാതൃഭാഷ

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം**
dtekerala@gmail.com
04712561307

**നടപടിക്രമം**

സാങ്കേതിക വിദ്യാഭ്യാസം-ജീവനക്കാര്യം-ട്രേഡ്സ്മാൻ തസ്തികയിൽ നിന്നും ട്രേഡ് ഇൻസ്ട്രക്ടർ ഗ്രേഡ് II തസ്തികയിലേക്ക് സ്ഥാനക്കയറ്റം അനുവദിച്ച്- ഉത്തരവ് -പുറപ്പെടുവിക്കുന്നു.

---

ജീവനക്കാര്യം (ബി). - വിഭാഗം

നം: EB2/14739/21/ഡി.ടി.ഇ തിരുവനന്തപുരം , തീയതി: 05.09.2021

---

വായന:- 1.ഈ കാര്യാലയത്തിൽ നിന്നുള്ള 8.10.2020 ലെ ഇ,ബി2/14034/21 നമ്പർ ഉത്തരവ്
2. ഈ കാര്യാലയത്തിൽ നിന്നുള്ള 2.7.2021 ലെ ഇ.ബി2/7124/17 നമ്പർ ഉത്തരവ്
3. സ.ഉ.നമ്പർ.(സാധാ) 298/2021/ഉ.വി.വ തീയതി. 12.7.2021
4.സ.ഉ.നമ്പർ.(പി) 27/2021/ഫിൻ തീയതി. 10.2.2021

**ഉത്തരവ്**

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ ട്രേഡ്സ്മാൻ കമ്പ്യൂട്ടർ എഞ്ചിനീയറിംഗ് തസ്തികയിൽ ജോലി ചെയ്തിരുന്ന ശ്രീ.പ്രസാദ് കെ.കെ, ശ്രീജിത്ത് പി.പി. എന്നീ ജീവനക്കാരെ മേൽ വായന (1) പ്രകാരം ട്രേഡ് ഇൻസ്ട്രക്ടർ ഗ്രേഡ് II തസ്തികയിലേക്ക് ഉദ്യോഗക്കയറ്റം നൽകിയിരുന്നു. എന്നാൽ ശൂന്യവേതനാവധി കഴിഞ്ഞ് തിരികെ സേവനത്തിൽ പ്രവേശിക്കാൻ അപേക്ഷ നൽകിയ രണ്ട് ട്രേഡ് ഇൻസ്ട്രക്ടർമാരെ പരിഗണിക്കുന്നതിനായി ടി ജീവനക്കാരെ വായന (2) ഉത്തരവ് പ്രകാരം റിവർട്ട് ചെയ്യുകയുമുണ്ടായി. വായന (3) സർക്കാർ ഉത്തരവ് പ്രകാരം കമ്പ്യൂട്ടർ എഞ്ചിനീയറിംഗ് ട്രേഡിൽ രണ്ട് പുതിയ ട്രേഡ് ഇൻസ്ട്രക്ടർ തസ്തികകൾ സൃഷ്ടിച്ചിരിക്കുന്ന സാഹചര്യത്തിൽ താഴെപ്പറയുന്ന ജീവനക്കാരെ 1958 ലെ കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങൾ, റൂൾ 28 (a) പ്രകാരം, ട്രേഡ് ഇൻസ്ട്രക്ടർ ഗ്രേഡ് II തസ്തികയിലേക്ക് 35600-75400 രൂപ ശമ്പള സ്കെയിലിൽ താൽക്കാലികമായി സ്ഥാനക്കയറ്റം നൽകി അവരവരുടെ പേരിനു നേരെയുള്ള സ്ഥാപനങ്ങളിൽ നിയമിച്ചുകൊണ്ട് ഉത്തരവാകുന്നു.

| ക്രമ നമ്പർ | ജീവനക്കാരന്റെ പേരും ഇപ്പോൾ ജോലി ചെയ്യുന്ന സ്ഥാപനവും | സ്ഥാനക്കയറ്റം നൽകി നിയമിക്കുന്ന സ്ഥാപനം |
|---|---|---|
| | **കമ്പ്യൂട്ടർ എഞ്ചിനീയറിംഗ്** | |
| 1 | പ്രസാദ്.കെ.കെ<br>വനിതാ പോളിടെക്ക്നിക്ക് കോളേജ്,<br>എറണാകുളം<br>PEN:404205 | ജി.ഇ.സി.വയനാട് |
| 2 | ശ്രീജിത്ത്.പി.പി<br>ജി.ഇ.സി. തൃശ്ശൂർ<br>PEN:386720 | ജി.ഇ.സി.കണ്ണൂർ |

- അയോഗ്യനാണെന്ന് കണ്ടെത്തുകയോ ഒഴിവില്ലാത്ത സാഹചര്യമുണ്ടാകുകയോ ചെയ്താൽ സ്ഥാനക്കയറ്റം റദ്ദാക്കപ്പെടുന്നതായിരിക്കും.
- സ്ഥാനക്കയറ്റം ലഭിച്ചവർക്ക് പുതിയ തസ്തികയിലെ തുടർച്ചയായുള്ള രണ്ട് വർഷ സേവനത്തിനിടയിലെ ഒരു വർഷം നിരീക്ഷണകാലമായിരിക്കും.
- മേൽ വായന (4) ലെ സർക്കാർ ഉത്തരവ് പാരാ 36 പ്രകാരമായിരിക്കും സ്ഥാനക്കയറ്റം

Draft #3 of File EB2/14739/21/DTE Approved by Senior Joint Director (ECS) on 05-Sep-2021 11:29 PM - Page 1

ലഭിച്ചവരുടെ ശമ്പളനിർണ്ണയം.

- സ്ഥാനക്കയറ്റം ലഭിച്ചവർക്ക് നിയമാനുസൃത പ്രവേശനകാലം, യാത്രപ്പടി എന്നിവക്ക് അർഹതയുണ്ടായിരിക്കും.
- സ്ഥാനക്കയറ്റം ലഭിച്ചവരെ, ബന്ധപ്പെട്ട സ്ഥാപന മേധാവികൾ ഉടൻ പ്രാബല്യത്തിൽ വിടുതൽ ചെയ്യേണ്ടതും വിടുതൽ/പ്രവേശനം സംബന്ധിച്ച വിവരം ഈ കാര്യാലയത്തിൽ രേഖാമൂലം അറിയിക്കേണ്ടതുമാണ്.

ഒപ്പ് /-

ഡോ. സിസ തോമസ്
സീനിയർ ജോയിൻറ് ഡയറക്ടർ (ഇ സി എസ്)

പകർപ്പ്

1.ബന്ധപ്പെട്ട ജീവനക്കാർക്കും സ്ഥാപന മേധാവികൾക്കും (ഔദ്യോഗിക വെബ്സൈറ്റ് മുഖേന)
2.സൂപ്രണ്ട്, ഇജി സെക്ഷൻ
3.ഇബി 3 സെക്ഷൻ
4.ഇബി 5 സെക്ഷൻ
കരുതൽ/ആഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്

Draft #3 of File EB2/14739/21/DTE Approved by Senior Joint Director (ECS) on 05-Sep-2021 11:29 PM - Page 2